പോലീസ് അതിക്രമങ്ങൾ

172. [239] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം പോലീസ് അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ മൂന്നു വർഷമായി സംസ്ഥാനത്തൊട്ടാകെ എത്ര കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മോഷണങ്ങൾ, കവർച്ചകൾ എന്നിവ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം കേസ്സുകളിൽ ഇതിനകം എത്ര പ്രതികളെ പിടിച്ചിട്ടുണ്ടെന്നും എത്ര ആളുകളുടെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഇനിയും എത്ര പ്രതികളെ പിടിക്കുവാനുണ്ടെന്നും പ്രധാനമായ എതെല്ലാം കേസ്സുകളിലെയാണെന്നും കൂടി വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്നില്ല.

(ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

മോഹനൻ മരണപ്പെട്ടതു സംബന്ധിച്ച് ആക്ഷേപം

173. [242] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി സർക്കിളിലെ ധർമ്മടം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കുന്നോത്ത് മുറിക്കുളത്തിൽ മോഹനൻ മാർച്ച് 3-ന് മരണപ്പെട്ടതു സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ ;

(ബി) സംശയപരമായ ഈ മരണത്തിന്റെ കാരണം കണ്ടുപിടിക്കാൻ കേസ് അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏല്പിക്കുമോ ?

ഉത്തരം

(എ) പരാതിയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ബലാൽസംഗ കേസ്സുകൾ

174. [243] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ബലാൽസംഗ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്ര കേസ്സുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) 24-5-1982 മുതൽ 23-8-1982 വരെ 357 ബലാൽസംഗ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കി വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly